# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## ചേച്ചി പറഞ്ഞിരുന്നു, മരിക്കേണ്ടി വന്നാലും...




ദൈവദാസി സിസ്റ്റർ റാണി മരിയയുടെ ഇരുപതാം ചരമവാർഷികമായിരുന്നു ഇക്കഴിഞ്ഞ ഫെബ്രുവരി 20ന് നടന്നത്. റാണിമരിയയുടെ രക്തസാക്ഷി മണ്ഡപം സന്ദർശിച്ച് പ്രാർത്ഥിക്കുന്നവരുടെ എണ്ണം ഓരോവർഷവും വർദ്ധിച്ച് വരുകയാണ്. ഒട്ടനവധി അത്ഭുതങ്ങളും ഇവിടെ സംഭവിക്കുന്നതായി സാക്ഷ്യങ്ങളുണ്ട്. റാണിമരിയയുടെ സഹോദരി സിസ്റ്റർ സെൽമി പോളിന്റെ വാക്കുകളിലൂടെ സിസ്റ്റർ റാണി മരിയയെ നമുക്ക് വായിക്കാം.

'എന്റെ ജീവിതത്തിലെ ഏറ്റവും വലിയ അനുഭവമാണ് ചേച്ചിയുടെ രക്തസാക്ഷിത്വം. അത് എനിക്ക് വലിയ രഹസ്യവും ശക്തിയുമാണ്. 1974 മെയ് ഒന്നിന് ചേച്ചിയുടെ വ്രതവാഗ്ദാനവും സഭാവസ്ത്ര സ്വീകരണവും നടന്നു. അതിനുശേഷം 1975 ജൂലൈയിൽ ബിജ്നോർ മിഷനിലായിരുന്നു സേവനം. ചേച്ചിയുടെ മിഷൻ പ്രവർത്തനങ്ങളുടെ പിള്ളത്തൊട്ടിലായിരുന്നു ഈ മിഷൻ.ആ തീക്ഷ്ണതയിൽനിന്നാണ് എനിക്കും ഒരു മിഷനറിയാകണം എന്ന ആഗ്രഹം തോന്നിയത്. ചേച്ചിയെപ്പോലെതന്നെ എഫ്.സി.സി.യിൽ ചേർന്ന് ഞാനും മിഷനിലേക്ക് പോയി.

1983ൽ ചേച്ചി സത്നാ രൂപതയിലുള്ള ഓഡ്ഗസിയിൽ സോഷ്യൽ വർക്കിന്റെ കോ ഓർഡിനേറ്ററായി. ചേച്ചിയുടെ നേതൃത്വത്തിൽ 22 ലധികം വില്ലേജുകളിൽ പ്രവർത്തനം ആരംഭിച്ചു. ചൂഷിതരായ ആദിവാസികൾക്ക് അവരുടെ അവകാശങ്ങളെപ്പറ്റി അവബോധം നൽകുകയായിരുന്നു ലക്ഷ്യം. ഇതിന്റെ ഫലമായി ചൂഷകരുടെ അപ്രീതിക്ക് പാത്രമായി സിസ്റ്റർ റാണി. ചിലരിത് മതപരിവർ ത്തനത്തിനുള്ള പരിശ്രമങ്ങളായും അവതരിപ്പിച്ചു. ചേച്ചിയുടെ ജീവന് വെല്ലുവിളികളും ഭീഷണികളും എല്ലായിടത്തുനിന്നും ഉണ്ടായി. എങ്കിലും തന്റെ ദൗത്യത്തിൽനിന്ന് സിസ്റ്റർ റാണി അണുവിട പിന്മാറിയില്ല.

1990 ജൂൺ 12 ന് ഞാൻ ഭോപ്പാലിൽ എത്തി. ജബൽപൂർ രൂപതയിലെ ഘാനായിലേക്കാണ് ഞാൻ അയക്കപ്പെട്ടത്. രണ്ടുമൂന്നു മാസങ്ങൾ കഴിഞ്ഞപ്പോഴേക്കും കാലാവസ്ഥയും യാത്രയും മറ്റും ആകാം, ഞാൻ രോഗിയായി. എന്നാൽ രോഗകാരണങ്ങളൊന്നും കണ്ടുപിടിക്കപ്പെട്ടില്ല. വയറുവേദനയും ഛർദ്ദിയുമായിരുന്നു മിക്കവാറും. എന്റെ ആരോഗ്യത്തിൽ ചേച്ചി

ഉൽക്കണ്ഠാകുലയായി. ഒരിക്കൽ ഞാൻ ചേച്ചിയുടെ കൂടെ ഓഡ്ഗഡിയിലേക്ക് പോയി. മാർഗമധ്യേ ആരോഗ്യനില കുറെക്കൂടി മോശമായി. വൻകുടലിൽ കാൻസർ ആയിരുന്നു രോഗമെന്ന് തെളിഞ്ഞു. ആ നാളുകളിൽ ചേച്ചിയുടെ സാന്നിധ്യമാണ് എന്നെ ശക്തിപ്പെടുത്തിയത്. 1991 നവംബറിൽ ഞാൻ പെരുമ്പാവൂർ സാൻജോ ഹോസ്പിറ്റലിൽ കിമോതെറാപ്പിക്കുവേണ്ടി അഡ്മിറ്റായി. പരിശോധനയിൽ മനസിലായി, എന്റെ ലിവറിലേക്കും രോഗം ബാധിച്ചുവെന്ന്.

എനിക്ക് ഭയമില്ല: 1992ൽ സിസ്റ്റർ റാണി ഉദയനഗറിലേക്ക് സ്ഥലം മാറി. ഓഡ്ഗഡിയിലെ പോലെതന്നെ ഇവിടുത്തെ ആളുകളും ചൂഷിതരും പീഡിതരുമായിരുന്നു. ഇവരെ പണക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കാനുള്ള മാർഗങ്ങൾ കണ്ടുപിടിച്ച് നടപ്പാലിക്കാൻ സിസ്റ്റർ ശ്രമിച്ചത് ജന്മിമാരെ കുപിതരാക്കി. അവരുടെ വഴിയിലെ മുള്ളായി മാറി സിസ്റ്റർ റാണി. 1995 ഫെബ്രുവരി 25ന് ജീവൻ സിംഗ് എന്ന വ്യക്തിയുടെ കുത്തേറ്റ് ചേച്ചി കൊല്ലപ്പെടുകയായിരുന്നു. മരണവാർത്ത കേട്ട ഞാൻ ഞെട്ടിത്തരിച്ചു. പിറ്റേദിവസം മാത്രമാണ് ചേച്ചിയുടെ അടുത്തെത്താൻ കഴിഞ്ഞത്. മുറിവുകൾ നിറഞ്ഞ ആ ശരീരം കണ്ടപ്പോൾ ചേച്ചിയുടെ വാക്കുകൾ എന്റെ മനസിൽ നിറഞ്ഞു. 'സാധുക്കൾക്കുവേണ്ടി മരിക്കേണ്ടി വന്നാലും ഞാൻ അതിന് ഒരുക്കമാണ്. എനിക്ക് പേടിയില്ല.'

വനത്തിൽ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട് നിസഹായയായി, രക്തം വാർന്നൊലിച്ച് ഇഞ്ചിഞ്ചായി മരിക്കുന്ന രംഗം ഞാനോർത്തു. എനിക്ക് സഹിക്കാനാവുന്നതായിരുന്നില്ല അത്. എന്നാൽ ദൈവത്തിന്റെ പ്രത്യേകമായ ഇടപെടൽ എനിക്ക് അനുഭവിക്കാൻ കഴിഞ്ഞു. കൊലയാളികൾ ദൈവത്തിന്റെ കരങ്ങളിൽ ഉപകരണങ്ങൾ മാത്രമായിരുന്നുവെന്ന് എനിക്ക് ബോധ്യമായി. അവരോട് ഹൃദയപൂർവം ക്ഷമിക്കാനുള്ള കൃപ ലഭിച്ചു. ക്രൂശിതനെ പോലെ ശരീരം മുഴുവൻ മുറിവുകളേറ്റ് തന്റെ ജനത്തിനുവേണ്ടി മരിക്കാനുള്ള കൃപയാണ് ക്രൂശിതൻ ചേച്ചിക്ക് സമ്മാനിച്ചിരിക്കുന്നതെന്ന് എനിക്ക് മനസിലായി. 1995 ഫെബ്രുവരി 27 ന് ചേച്ചിയുടെ മൃതശരീരം സംസ്കാരചടങ്ങുകൾക്കായി ഇൻഡോറിൽനിന്ന് ഉദയനഗറിലേക്ക് കൊണ്ടുപോയി. എന്റെ ആരോഗ്യസ്ഥിതി അറിഞ്ഞിരുന്ന പ്രൊവിൻഷ്യൽ സിസ്റ്റർ സ്റ്റാർലി എനിക്കുവേണ്ടി ആംബുലൻസ് തയാറാക്കിയിരുന്നു. ഇൻഡോറിൽനിന്നും തിരിക്കുമ്പോൾ എന്റെ മാതാപിതാക്കളും സഹോദരങ്ങളും എത്തിയിരുന്നു.

അക്കൂട്ടത്തിൽ അമ്മച്ചിയില്ലായിരുന്നു. എന്റെ മൂത്ത സഹോദരൻ സ്റ്റീഫൻ എന്നെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞത്, 'മോളേ, ചേച്ചി ഭാഗ്യവതിയാണല്ലോ... ചേച്ചിയുടെ ആഗ്രഹം സാധിച്ചല്ലോ' എന്നാണ്. അവരുടെ ഈ പ്രതികരണം എന്റെ പ്രതീക്ഷകൾക്കപ്പുറം ആയിരുന്നു. സംസ്കാരചടങ്ങുകൾക്കുശേഷം ചേച്ചിയുടെ കോൺവന്റിൽ തന്നെ ഞാൻ മൂന്നു വർഷം താമസിച്ചു. ജീവിതത്തിലും മരണത്തിലും സിസ്റ്റർ റാണി ശക്തയായ ദൈവരാജ്യ പ്രഘോഷകയായിരുന്നു.

അമ്മയും ഘാതകനും കണ്ടുമുട്ടുമ്പോൾ: ചേച്ചിയുടെ മരണശേഷം 1995 ഏപ്രിൽ ദുഃഖവെള്ളിയാഴ്ച അമ്മ ഉദയനഗറിലെത്തി. ഒരാഴ്ചയോളം അമ്മ ഞങ്ങളോടൊത്തു താമസിച്ചു. അമ്മയും ഞാനും കൂടെ എന്നും ചേച്ചിയുടെ കബറിടത്തിങ്കൽ പോയി പ്രാർത്ഥിക്കുമായിരുന്നു. ഒരു ദിവസം ഞാൻ അമ്മയോട് ചോദിച്ചു, പോകുന്ന വഴി ചേച്ചിയുടെ ഘാതകനായ ജീവൻ സിംഗിനെ കണ്ടാൽ അമ്മ എന്തു ചെയ്യുമെന്ന്? അമ്മ പറഞ്ഞു: 'ഞാൻ അവന്റെ കൈകൾ പിടിച്ച് ഉമ്മ വയ്ക്കും. കാരണം എന്റെ മോളുടെ രക്തം അവിടെയുണ്ട്.' മറുപടി കേട്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. അമ്മയ്ക്ക് ഈ ധൈര്യം പകർന്നുതന്ന ദൈവത്തെ ഞാൻ സ്തുതിച്ചു. ഹൃദയഭേദകമായ ഈ സംഭവത്തിൽ ദൈവഹിതം ദർശിക്കാനും ഘാതകരോട് ക്ഷമിക്കാനുമുള്ള കൃപ ഞങ്ങൾക്കു ലഭിച്ചത് ചേച്ചി തന്റെ ഘാതകരോട് ക്ഷമിക്കുകയും ക്ഷമിക്കാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥം വഹിക്കുകയും ചെയ്തതുകൊണ്ടാണെന്ന് ഞാൻ വിശ്വസിക്കുന്നു.'

മതവും ജാതിയും തമ്മിലുള്ള ദൂരം ഇവിടെ കുറയുകയാണെന്ന് സിസ്റ്റർ സെൽമി പറയുന്നു. ഇനി

ദൈവത്തെ അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ജനതയായി ഉദയനഗർ ജനത മാറുന്ന ദിനങ്ങളെയാണ് ഇവിടുത്തെ ക്രൈസ്തവർ സ്വപ്നം കാണുന്നത്. ദൈവദാസിയായി പ്രഖ്യാപിക്കപ്പെട്ട സിസ്റ്റർ റാണി മരിയയുടെ ഉദയനഗറിലുള്ള കബറിടം സന്ദർശിക്കാൻ ഭോപ്പാലിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ആദിവാസികളടക്കം നിരവധി പേർ ദിനവും എത്തുന്നുണ്ട്. ചരമവാർഷികത്തോടനുബന്ധിച്ച് വിവിധ രൂപതകളിൽനിന്നും ജന്മനാടായ പുല്ലുവഴിയിൽ നിന്നുമുള്ള തീർത്ഥാടകരുടെ സംഘം ഉദയനഗറിലെത്തി. ആർച്ച്ബിഷപ് ലിയോ കൊർണേലിയോ, ആർച്ച്ബിഷപ് അബ്രാഹം വിരുത്തുകുളങ്ങര, ബിഷപ് പാസ്കൽ ടോപ്നോ, ബിഷപ് മാർ ഗ്രേഷ്യൻ മുണ്ടാടൻ, ബിഷപ് ചാക്കോ തോട്ടുമാരിക്കൽ തുടങ്ങി ഇരുപതോളം മെത്രാന്മാർ അനുസ്മരണ ശുശ്രൂഷയിലും തുടർന്നു നടന്ന സമ്മേളനത്തിലും പങ്കെടുത്തു.

സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും; ആരെങ്കിലും എനിക്കുവേണ്ടിയോ സുവിശേഷത്തിനുവേണ്ടിയോ സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതിനെ രക്ഷിക്കും (മർക്കോസ് 8.35).

കടപ്പാട് : in.sundayshalom.com